Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല - പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് - ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ നിയമാനുസൃതമല്ലാത്ത തീരുമാനം -കേരള പഞ്ചായത്ത് രാജ് ആക്ട് 191(2) വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ ബി) വകുപ്പ്

സ.ഉ.(സാധാ) നം. 648/12/തസ്വഭവ തീയതി തിരുവനന്തപുരം 02.03.12.

---

പരാമർശം:- 1) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25.11.11-ലെ 152/2011-ാം നമ്പർ തീരുമാനം

2) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.12.11-ലെ 184/2011-ാം നമ്പർ തീരുമാനം

3) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.12.11-ലെ സി5- 5347/2010 നമ്പർ കത്ത്

4) എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23/1/12-ലെ ഡി2/827/2012 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ ഏനാനെല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 422/2-ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ.കെ. ജെ സേവ്യർ കണ്ണീറ്റുകണ്ടത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഹോളോ ബ്രിക്സ് നിർമ്മാണത്തിനുവേണ്ടി പണിത കെട്ടിടത്തിന് അനധികൃതമായി നമ്പർ നൽകുന്നതിന് പരാമർശം (1) പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. എന്നാൽ നിലം എന്ന് വില്ലേജ് രേഖയിലും കൈവശ സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയ സ്ഥലത്ത് വ്യാവസായിക

രേഖയിലും കൈവശ സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയ സ്ഥലത്ത് വ്യാവസായിക ആവശ്യത്തിന് നിർമ്മാണ അനുമതി നൽകുവാൻ പഞ്ചായത്തിന് അധികാരമില്ലാത്തതിനാലും ഇതു സംബന്ധിച്ച് പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ കേസ് നിലവിൽ ഉള്ളതിനാലും തീരുമാനം പുന : പരിശോധിക്കേണ്ടതാണെന്ന് സെക്രട്ടറി വിയോജന കുറിപ്പിൽ രേഖപ്പെടുത്തി കമ്മിറ്റിയിൽ സമർപ്പിച്ചു.

(2) പരാമർശം (2) പ്രകാരം പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം പുന: പരിശോധിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസറുടെ സാക്ഷ്യപത്രത്തിൻെറ അടിസ്ഥാനത്തിലും നിലവിലുള്ള കേസ്സിൽ അപേക്ഷകർ ഒരു കക്ഷി അല്ലാത്തിനാലും കെട്ടിടത്തിന് നമ്പർ നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ മേൽ സ്വീകരിക്കേണ്ട നടപടി ക്രമം) ചട്ടങ്ങൾ അനുസരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ പരാമർശം മൂന്ന് പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യത്തിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. നെൽവയൽ നികത്തി നിർമ്മിച്ച കെട്ടിടത്തിനെതിരെ നടപടികൾ സ്വീകരിക്കുവാൻ സെക്ഷൻ ക്ലാർക്കായ ശ്രീമതി.ജെയ്സി മാത്യുവിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നടപടി ഒന്നും സ്വീകരിക്കാതെ സെക്രട്ടറിയുടെ സ്പെസിമെൻ സിഗ്നേച്ചർ പതിപ്പിച്ചു വ്യാജ പെർമിറ്റ് നൽകിയെന്നും ടി യാൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുവെന്നും ഇത്തരത്തിൽ വ്യാജ പെർമിറ്റ് ഉപയോഗിച്ച് പണിത കെട്ടിടം നിയമാനുസൃതമായി കണക്കാക്കുവാൻ കഴിയില്ലെന്നും ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകുവാൻ തീരുമാനിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ക്രമവിരുദ്ധവും അധികാര ലംഘനവുമാണെന്നും സെക്രട്ടറിയുടെ വിയോജന കുറിപ്പ് ക്രമപ്രകാരമാണെന്നും പഞ്ചായത്തിൻെറ തീരുമാനം നിയമപരമായി നില നിൽക്കുന്നതല്ലെന്നും പരാമർശം (4) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം ഒന്നും രണ്ടും പ്രകാരമുള്ള തീരുമാനങ്ങൾ സംബന്ധിച്ച കേരള പഞ്ചായത്ത് രാജ് ആക്ട് 191 (4) -ാം വകുപ്പിൽ അനുശാസിക്കുന്ന നടപടി ആവശ്യമാണെന്ന് കണ്ടെത്തി.

5) മേൽ സാഹചര്യത്തിൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം ഒന്നും രണ്ടും പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് 191 (4) -ാം വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിൻെറ അന്തിമ ഉത്തരവിനു വിധേയമായി സ്റ്റേ ചെയ്തുകൊണ്ടും , പ്രസ്തുത നിയമത്തിലെ 191 (2) വകുപ്പ് പ്രകാരം ഇക്കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന് റഫർ ചെയ്തുകൊണ്ടും ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ. എം ലീലാമണി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ.
ട്രിഡാ ബിൽഡിംഗ്സ്, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങളുടെ പകർപ്പ് സഹിതം)
സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് , എറണാകുളം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ